**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1345** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂനിയമങ്ങളുടെ സമഗ്ര പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിലുള്ള ഭൂനിയമങ്ങൾ കാലപ്പഴക്കം ചെന്നതും കാലികമായ ഭൂവിനിയോഗ ആവശ്യങ്ങൾക്ക് അപര്യാപ്തവുമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. ഗവർണ്ണറുടെ 2026 മെയ് 29-ലെ നയപ്രഖ്യാപന പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട എല്ലാ ഭൂനിയമങ്ങളും കാലാനുസൃതമായി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കർഷകരെ കൃഷിഭൂമിയിൽ നിന്ന് ഒഴിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ശാശ്വത പരിഹാരമായി ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം (പട്ടയങ്ങൾ) നടപ്പിലാക്കുക, കേരളത്തിന്റെ ഭൂവിനിയോഗ നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുക, തോട്ടഭൂമിയുടെ സ്വാഭാവിക തരം സംരക്ഷിച്ച് വൈവിധ്യം അനുവദിക്കുന്നതിനുള്ള ഭേദഗതികൾ കൊണ്ടുവരിക എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, ദശാബ്ദങ്ങളായി ഭൂമി കൈവശം വെക്കുന്ന കർഷകരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതികൾ വരുത്തുകയോ സമഗ്രമായ നിയമനിർമ്മാണം നടത്തുകയോ ചെയ്യും. അരനൂറ്റാണ്ടിലധികം പഴക്കമുള്ള പ്രധാന ഭൂനിയമങ്ങൾ സമഗ്രമായി പരിഷ്കരിക്കുന്നതിനും ഭൂസംബന്ധമായ എല്ലാ നിയമങ്ങളും പുനഃപരിശോധിക്കുന്നതിനുമായി സർക്കാർ ഒരു കമ്മീഷനെ രൂപീകരിക്കുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, പ്രാഥമിക നടപടിയായി 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 22-09-2026 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1880/2026/ആർ.ഡി. പ്രകാരം ഒരു സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പരിഗണനാ വിഷയങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

**(ബി)** നിയമങ്ങളിലെ സാങ്കേതികതയുടെ പേരിൽ കർഷകർക്ക് കൃഷിഭൂമിയുടെ അവകാശം കൈമോശം വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; അറിയിക്കുമോ;

**<u>മറുപടി:</u>** നിയമങ്ങളിലെ സാങ്കേതികതയുടെ പേരിൽ കർഷകർക്ക് കൃഷിഭൂമിയുടെ അവകാശം കൈമോശം വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം

ഉറപ്പാക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച അഭിപ്രായങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

1963-ലെ കേരള ഭൂപരിഷ്കരണ നിയമം സംബന്ധിച്ച കേസുകളിൽ ഈ വിഷയം, പ്രസ്തുത നിയമം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതി പരിഗണിക്കുന്നതാണ്.

**(സി)** തോട്ടഭൂമിയുടെ സ്വാഭാവികത നിലനിർത്തിക്കൊണ്ടുതന്നെ വിള വൈവിധ്യവൽക്കരണത്തിന് അനുമതി നൽകുന്നത് പരിഗണിക്കുമോ;

**<u>മറുപടി:</u>** തോട്ടഭൂമിയുടെ സ്വാഭാവികത നിലനിർത്തിക്കൊണ്ടുതന്നെ വിള വൈവിധ്യവൽക്കരണത്തിന് അനുമതി നൽകുന്ന വിഷയം 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതി പരിഗണിക്കുന്നതാണ്.

**(ഡി)** കർഷകർ ദശാബ്ദങ്ങളായി അധിവസിക്കുകയും കൃഷി ചെയ്യുകയും ചെയ്തുവരുന്ന ഭൂമിയുടെ പട്ടയ ലഭ്യതയ്ക്കുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതുൾപ്പെടെയുള്ള സമഗ്ര നിയമനിർമാണത്തിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കർഷകർ ദശാബ്ദങ്ങളായി അധിവസിക്കുകയും കൃഷി ചെയ്യുകയും ചെയ്തുവരുന്ന ഭൂമിയുടെ പട്ടയ ലഭ്യതയ്ക്കുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതുൾപ്പെടെയുള്ള സമഗ്ര നിയമനിർമാണം സംബന്ധിച്ച വിഷയം 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്നത് സംബന്ധിച്ച് രൂപീകരിച്ച സമിതി പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**